കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.എഫ്1/2201/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/01/2026
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.എഫ്1/2201/2025 തീയ്യതി: 06/01/2026

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എ.എസ്.ബിജേഷ്. കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	24-11-2025	02-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-11-2025	02-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈന.എ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രജനി.കെ.ഗംഗാധരൻ ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. പ്രമീള.കെ.ടി	പ്രസിഡന്റ്	01-04-2024	31-03-2025

ശ്രീമതി. റീജ മാക്കഞ്ചേരി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	24-10-2024
ശ്രീ. രാജേഷ് എൻ	സെക്രട്ടറി	25-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. റീജ മാക്കഞ്ചേരി	അസി. സെക്രട്ടറി	01-04-2024	31-03-2025
ശ്രീ. അഭിലാഷ്	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി. അസീന.സി.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
അനുസ്മിത സോമരാജൻ	കൃഷി ഓഫീസർ	01-04-2024	11-04-2024
അതിഥി എ എം	കൃഷി ഓഫീസർ	12-04-2024	05-08-2024
ജിജിഷ പി കെ	കൃഷി ഓഫീസർ	05-08-2024	07-10-2024
അനുസ്മിത സോമരാജൻ	കൃഷി ഓഫീസർ	08-10-2024	31-03-2025
ഡോ. പ്രവീൺ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2024	31-03-2025
ശ്രീമതി. വിജുല കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ഷീബ കെ ടി	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ഡോ.സുരേശൻ കെ കെ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	01-04-2024	30-04-2024
ഡോ.അൻവർ സാദത്ത്	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	01-05-2024	14-06-2024
ഡോ. ഷീബ എം എം	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	14-06-2024	31-03-2025
ശ്രീമതി. ദിവ്യ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ. ഷിബു .വി	വി.ഇ.ഒ 1	01-04-2024	31-03-2025
ശ്രീ. രാകേഷ് സി.കെ	വി.ഇ.ഒ 2	01-04-2024	31-03-2025
ഡോ. അൻഷാദ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. ഗീത വി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എല്ലാ പത്രികകളും സമർപ്പിച്ചില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-4
6	മെയിന്റനൻസ് പ്രവൃത്തികളുടെ മൂല്യം I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല	1-1-5
7	ആസ്തികളുടെ മൂല്യം പൊരുത്തപ്പെടും വിധം രജിസ്റ്റർ ലഭ്യമല്ല	1-1-6
8	ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം	1-1-7
9	സ്ഥിരനിക്ഷേപം കണക്കാക്കിയതിൽ അപാകത	1-1-8
10	ബാങ്ക് നേരിട്ട് കുറവു വരുത്തിയ തുകകൾ ക്രമീകരിച്ചില്ല	1-1-9
11	വാടക – കുടിശ്ശികതുക കണക്കാക്കിയില്ല	1-1-10
12	നികുതിയിളവ്/ഒഴിവ് വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല	1-1-11
13	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല	1-1-12
14	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഫണ്ട് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	ക്ഷേമ പദ്ധതികൾ	1-6
20	ക്യാഷ് ബാലൻസ് പരിശോധന	1-7
21	ലേല നടപടികൾ പൂർത്തീകരിച്ചില്ല	1-8
22	വാടക പിരിവിലെ അപാകതകൾ	1-9
23	വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല	1-10
24	വിസ്തീർണത്തിനനുസൃതമായ നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല	1-11
25	വസ്തുനികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-12
26	വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ	1-13
27	വാർഷിക കണക്കിലെ തുകകളുടെ വിവരം ലഭ്യമല്ല	1-14
28	റിഡംപ്ഷൻ ആയി ഉൾപ്പെടുത്തിയ തുകയിൽ വ്യക്തതയില്ല	1-15
29	വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം പദ്ധതി നടത്തിപ്പിലെ അപാകതൾ	1-16
30	ആയുർവേദ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ വാങ്ങൽ- ലിമിറ്റഡ് ടെണ്ടർ വിളിച്ചില്ല	1-17
31	ജീവതാളം ഓപ്പൺ ജിമ്മിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതൾ	1-18
32	കുടിവെള്ളക്കരം- ബഹു കോടതി ഉത്തരവ് നടപ്പിലാക്കി ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കി ചെലവ് കുറയ്ക്കാൻ നടപടി സ്വികരിക്കേണ്ടതാണ്.	1-19
33	വിവിധ എജൻസികൾക്ക് തുക നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.	1-20
34	സ്ഥലം ലഭ്യമായിട്ടും അങ്കണവാടിയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിൽ വീഴ്ച	1-21
35	കുടുംബശ്രീ പ്രവർത്തനങ്ങളിലെ അപാകതകൾ	1-22
36	ഹരിത മിത്രം പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ	1-23
37	അങ്കണവാടി കലോൽസവം നടത്തിപ്പ്- രശീതി പിരിവ്- വിശദാംശം ലഭ്യമല്ല.	1-24
38	കർഷകർക്ക് പാലിന് ഇൻസെന്റീവ് -സബ്സിഡി തുക ഗുണഭോക്തൃവിന്റെ അക്കൗണ്ടിലേക്ക്	1-25

	ലഭ്യമായിട്ടില്ല.	
39	വിപുലമായ സൗകര്യങ്ങളോട് കൂടിയ എം.സി.എഫ് ഉണ്ടായിട്ടും തിരസ്കൃത മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് വൻ തുക ചെലവഴിക്കുന്നു.	1-26
40	അണ്ടിക്കോട് സബ്സെന്റർ നവീകരണം - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ	1-27
41	എം.സി.എഫ്. നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-28
42	എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ആവശ്യകത വ്യക്തമല്ല	1-29
43	സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-30
44	പൈപ്പിടൽ പ്രവൃത്തിക്ക് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ പിശക്	1-31
45	വെറ്ററിനറി ഹോസ്പിറ്റൽ ഷീറ്റിടൽ, സൈഡ് സംരക്ഷണം -പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ	1-32
46	ജൽജീവൻ പദ്ധതി - നാളിതു വരെ തുക കൈമാറിയില്ല -പദ്ധതി പുരോഗതി വിവരം ലഭ്യമല്ല	1-33
47	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-34
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	അണ്ടിക്കോട് സബ്സെന്റർ നവീകരണം - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ	3-1
2	പൈപ്പിടൽ പ്രവൃത്തിക്ക് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ പിശക്-പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്	3-2
3	വെറ്ററിനറി ഹോസ്പിറ്റൽ ഷീറ്റിടൽ, സൈഡ് സംരക്ഷണം -പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്	3-3
4	സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	3-4
	ഭാഗം **4**	
1	മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.06.2025 തീയതിയിലെ 3(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 17.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 എല്ലാ പത്രികകളും സമർപ്പിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) ഇ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതും, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവയൊന്നും ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ളോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും (40209178/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (1894169/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് എല്ലാ മാസവും, ഡിമാന്റുകൾ ഉൽഭവിക്കുന്ന മുറയ്ക്കും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിന് പകരം 5.11.2024നും, 31.3.25നുമാണ് ലെഡ്ജറുകളിൽ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത്.(ഉദാ:110100101, 110200105)

1-1-4 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 മെയിന്റനൻസ് പ്രവൃത്തികളുടെ മൂല്യം I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-6 ആസ്തികളുടെ മൂല്യം പൊരുത്തപ്പെടും വിധം രജിസ്റ്റർ ലഭ്യമല്ല

ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട ആസ്തികളുടെ മൂല്യം താരതമ്യപ്പെടുത്താവുന്ന വിധം ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി സൂക്ഷിച്ചിട്ടില്ല.

1-1-7 ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

മുന്നിരിപ്പ് 65,21,571 രൂപയും, തൻവർഷ വരവ് 9812500രൂപയുമടക്കം ടൈഡ് ഗ്രാന്റിന്റെ ആകെ വരവ് 1,63,34,071 രൂപയാണ്. ഇതിൽ തൻവർഷത്തെ ചെലവ് 73,75,825 രൂപ കിഴിച്ചാലുള്ള നീക്കിയിരിപ്പ് 89,58,246 രൂപയാണ്. എന്നാൽ വാർഷികകണക്കിൽ ഇത് 89,77,711 എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചെലവായി ഉൾപ്പെടുത്തിയ ബിൽ നമ്പർ 58/11.7.24, 67/11.7.24, 578/26.3.25എന്നിവയിലുൾപ്പെട്ട ഫൈൻ, റീടെൻഷൻ തുകകൾ കുറവു വരുത്താതെയാണ് നീക്കിയിരിപ്പ് കണക്കാക്കിയിരിക്കുന്നത്.

1-1-8 സ്ഥിരനിക്ഷേപം കണക്കാക്കിയതിൽ അപാകത

നിക്ഷേപ രജിസ്റ്ററിലും വാർഷിക കണക്കിലും 31.3.25 ലെ സ്ഥിരനിക്ഷേപ മൂല്യം 2,52,161 രൂപ പലിശയടക്കം 34,04,166 രൂപയാണ്. എന്നാൽ സ്ഥിരനിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ രണ്ടു നിക്ഷേപങ്ങളുടെയും കാലാവധി പൂർത്തീകരിക്കുന്നത് 2025 ഏപ്രിൽ 15, 18 എന്നീ തിയ്യതികളിലാണെന്ന് വ്യക്തമാകുന്നു. ഈ കാലാവധി പൂർത്തീകരിക്കുമ്പോൾ മാത്രമാണ് മേൽ പറഞ്ഞ പലിശക്ക് അർഹതയുള്ളത്. കാലാവധി പൂർത്തീകരിക്കും മുമ്പ് പലിശ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയ സാഹചര്യം വ്യക്തമല്ല.

1-1-9 ബാങ്ക് നേരിട്ട് കുറവു വരുത്തിയ തുകകൾ ക്രമീകരിച്ചില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയറ ശാഖയിലെ 67382714547 അക്കൗണ്ടാണ് ഇ-പെയ്മെന്റ് സംവിധാനത്തിനായി ഉപയോഗപ്പെടുത്തുന്നത്. ഈ അക്കൗണ്ടിന്റെ 31.3.25ലെ റീകൺസീലിയേഷൻ പത്രികയിൽ Directly Debited By Bank എന്ന വിധം നാലു തുകകൾ (1,686രൂപ) പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഈ തുകകൾ 2023-24 വർഷത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനത്തിലെ തുകകളാണ്. ഈ തുക ഐ.കെ.എം. ൽ നിന്ന് ലഭ്യമാകാൻ നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമല്ല. ഈ തുക നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-10 വാടക – കുടിശ്ശികതുക കണക്കാക്കിയില്ല

പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റോറിന്റെ വാടക 2025നവംബർ മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം പഴയ വാടകയാണ് നിലവിലും അടവാക്കുന്നത്. വാടക രജിസ്റ്ററിലും, വാർഷികകണക്കിലും അഞ്ചുമാസത്തെ വാടകയിനത്തിലെ കുറവ് കുടിശ്ശികയായി കണക്കാക്കിയിട്ടില്ല.

1-1-11 നികുതിയിളവ്/ഒഴിവ് വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല

ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന വസ്തുനികുതി ഇളവ്(വേക്കൻസി റമിഷൻ), പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ(റൈറ്റ് ഓഫ്)എന്നിവ നൽകുന്നുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഓഡിറ്റ് വർഷം 52596/-രൂപ വേക്കൻസി റമിഷൻ ഇനത്തിൽ കുറവു ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ 46 കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിനാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഈ നടപടികളിലൂടെ വസ്തുനികുതിയിനത്തിലെ ഡിമാന്റിലുണ്ടായ കുറവ് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. മേൽ തുക ഒഴിവാക്കിയുള്ള തുകയാണ് ഡിമാന്റായി ഉൾപ്പെടുത്തിയത്.

1-1-12 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല

I-19ലെ ഹെഡ് ഓഫ് അക്കൗണ്ട് 19020040lൽ ഡെബിറ്റായി ഉൾപ്പെടുത്തിയ 40202രൂപയുടെ വിശദാംശം ലഭ്യമല്ല. Panchayath Distress Relief Fund എന്ന ഹെഡിലേക്കാണ് ഇത് ജേണൽ ചെയ്ത് മാറ്റിയിരിക്കുന്നത്. ഹെഡ് ഓഫ് അക്കൗണ്ട് 19010010lൽ വസ്തുനികുതിയിനത്തിൽ 155747, 15,896എന്നീ തുകകൾ അഡ്വാൻസ് കളക്ഷൻ ഇനത്തിലേക്ക് ജേണൽ ചെയ്ത് മാറ്റിയിരിക്കുന്നു. ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-1-13 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ "തൊഴിലാളികൾക്ക് നൽകുന്ന വേതനം" എന്ന ഇനത്തിൽ വരുന്ന ചെലവ് POVERTY ALLEVIATION എന്ന ഹെഡിൽ I-14(C) യിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് I-14 (F) ലുമായിരുന്നു രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇതിനു പകരം മുഴുവൻ ചെലവ് തുകയും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസായി I-14(F) എന്ന ഹെഡിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-2 ബജറ്റ്

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 07.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2024-25 പ്രതീക്ഷിത ബജറ്റ്	
മുന്നിരിപ്പ്	13,537,370
വരവ്	28,97,19,066
ആകെ	30,32,56,436
ചെലവ്	29,54,46,006
നീക്കിയിരിപ്പ്	78,10,430

2024-25 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 17.03.2025 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2024-25 പരിഷ്കരിച്ച ബജറ്റ്	
മുന്നിരിപ്പ്	1,81,99,332
വരവ്	36,89,51,483
ആകെ	387,150,815
ചെലവ്	37,11,72,057
നീക്കിയിരിപ്പ്	1,59,78,758

1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	4,08,09,256
വരവ്	6,88,31,026
ആകെ	10,96,40,282
ചെലവ്	6,69,36,857
നീക്കിയിരിപ്പ്	4,27,03,425

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവഴിക്കാത്ത തുക
വികസന ഫണ്ട് (ജനറൽ)	0	2,69,26,000	2,69,26,000	2,69,26,000	0
വികസനഫണ്ട് (എസ്.സി.പി)	0	58,17,000	5,81,7000	5,81,7000	0
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	1,90,11,000	1,90,11,000	1,42,07,928	48,03,072
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	0	48,26,000	48,26,000	38,23,028*	10,02,972
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)ട്രഷറി	0	8,32,535	8,32,535	5,93,497	2,39,038
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)PFMS	65,21,571	98,12,500	1,63,34,071	73,75,825	89,58,246**
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)ട്രഷറി	0	1,14,724	1,14,724	57,362	57,362
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)PFMS	20,28,762	48,77,921	69,06,683	53,15,003	15,91,680

*പ്രോജക്ട് നം.205/25പ്രകാരമുള്ള 23000രൂപയുടെ ചെലവ് IKMപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

** നീക്കിയിരിപ്പ് തുകയിലെ വ്യത്യസം ഖണ്ഡിക 1-1-7ആയി ഉൾപ്പെടുത്തിയത് കണ്ടാലും

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
285	16,87,99,469	211	9,03,78,455	74	74 %

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	10,338,600
വിധവാപെൻഷൻ	17,204,500
വാർദ്ധക്യകാലപെൻഷൻ	35,757,700
വികലാംഗപെൻഷൻ	5,238,000
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,677,800
വിവാഹ ധനസഹായം	1,20,000

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2025 തീയതിയിൽ രാവിലെ 11.30 – ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,554/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ലേല നടപടികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ മുറിച്ചിട്ട തെങ്ങുകളുടെ/ മരങ്ങളുടെ ലേലനടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(1) വിവിധ അംഗനവാടികൾ

(2) ഷോപ്പിംഗ് കോംപ്ലക്സ്

(3) അണ്ടിക്കോട് സബ് സെന്റർ

അപാകത പരാമർശിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (02/01-12-2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 24-02-2025 – ലെ സാധാരണ യോഗത്തിലെ 9 (1) – ാം നമ്പർ തീരുമാന പ്രകാരം വാല്യുവേഷൻ നടപടികൾക്കായി ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നും, അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നടപടികൾ സ്വീകരിച്ച വരികയാണെന്നുമാണ് മറുപടി ലഭിച്ചത്. ലേല നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9 വാടക പിരിവിലെ അപാകതകൾ

2024-25 -ലെ വാടക രജിസ്റ്റർ, ഭരണസമിതി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.KSCSC – ക്ക് നൽകിയ 16/624, 16/625, 16/626 എന്നീ മുറികളുടെ വാടക 2024 നവംബർ മുതൽ 32,385/- രൂപയാക്കി പുതുക്കിയിട്ടുണ്ടെങ്കിലും, നിലവിലും പഴയ തുകയായ 17,228/- രൂപയാണ്

കരാറുക്കാരൻ അടവാക്കുന്നത്. വാടക രജിസ്റ്റർ പ്രകാരം 115,822/-രൂപ കരാറുകാരൻ ഈയിനത്തിൽ അടവാക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

മാസം	നിലവിൽ അടവാക്കുന്ന തുക	പുതുക്കിയ തുക	വ്യത്യാസത്തിലെ പിഴ പലിശ (ശതമാനം)	അടവാക്കാനുള്ള തുക
നവംബർ	17228	32385	10	16673
ഡിസംബർ	17228	32385	8	16370
ജനുവരി	17228	32385	6	16066
ഫെബ്രുവരി	17228	32385	4	33680
മാർച്ച്	17228	32385	2	33033
			ആകെ	115,822/-

മേൽ പട്ടിക പ്രകാരം ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ വാടക തുക ഒടുക്കിയതായും കാണുന്നില്ല. കുടിശ്ശിക അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് അപാകത ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വഷണകുറിപ്പിന് (03/01-12-2025) നൽകിയ മറുപടി.
പ്രസ്തുത കെട്ടിടത്തിന്റെ വാടക വൈകി അടവാക്കുന്ന സാഹചര്യത്തിൽ പിഴ പലിശ ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണത്തിന്, മേൽ പറഞ്ഞ മുറികളുടെ ഒക്ടോബർ മാസത്തിലെ വാടക അടവാക്കിയിരിക്കുന്നത് 27/11/2024-നും, നവംബർ മാസത്തിലെ വാടക അടവാക്കിയിരിക്കുന്നത് 24/02/2025 – നുമാണ്. വാടക ബൈലാ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്കു മുൻപായി വാടക അടവാക്കാത്ത സാഹചര്യത്തിൽ പിഴ പലിശ ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വഷണകുറിപ്പിന് (03/01-12-2025) മറുപടി നൽകിയിട്ടുണ്ട് . വാടക കുടശ്ശിക ഈടാക്കുന്നതോടൊപ്പം പിഴ പലിശയും ഈടാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. കുടശ്ശികയും പിഴ പലിശയും ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊണ്ട് , തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. റൂം നമ്പർ 16/630 -ന് 2025 മാർച്ചിലും, 16/631 – ന് 2024 ഒക്ടോബർ മാസത്തിലും വാടക ഒഴിവാക്കി നൽകാനിടയായ സാഹചര്യവും വിശദമാക്കേണ്ടതാണ്.

1-10 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി 29-07-2023 ലെ 07/1 നമ്പർ തീരുമാന പ്രകാരം തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി 01-04-2023 മുതൽ പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും 17-08-2023ന് പുതുക്കിയ വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു.
മേൽ ഉത്തരവ് പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വേയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023-ന് പൂർത്തീകരിക്കേണ്ടതുണ്ട്. വിവര ശേഖരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/10-11-2025) മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം അംഗീകൃത യോഗ്യതയുള്ള ആളുകളെ വെച്ച് 2023-24 വർഷത്തിൽ ഫീൽഡ് സർവ്വേ ആരംഭിച്ചിട്ടുണ്ടെന്നും, 17 വാർഡുകളുള്ള പഞ്ചായത്തിൽ, നാളിതുവരെ 3,685 കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 15 ശ്രുപ നിരക്ക് സ്ഥലപരിശോധന നടത്തുന്നതിനും, 15 ശ്രുപ നിരക്ക് ഡാറ്റാ എൻട്രി നടത്തുന്നതിനുമാണ് നിശ്ചയിച്ചിരുന്നത്. 19/12/2024-ലെ സ.ഉ(സാധാ)നം. 2500/2024/LSGD നമ്പർ ഉത്തരവു പ്രകാരം ഫീൽഡ് തല പരിശോധന നടത്തുന്നതിനു വേതന നിരക്ക് 100 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 ശ്രുപയായും ,100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 ശ്രുപയായും, 300 സ്ക്വയർ മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 75 ശ്രുപയായും നിരക്ക് നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം ഫീൽഡ് പരിശോധന നടത്തിയതിൽ, 16-ാം വാർഡിന്റെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, മറ്റ് വാർഡുകളുടെ വിവരശേഖരണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ നടപടികൾക്കായി 62,795 ശ്രുപ ചെലവഴിച്ചിട്ടുണ്ട്. വിവരശേഖരണവും ഡാറ്റാ എൻട്രി നടപടികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-11 വിസ്തീർണത്തിനനുസൃതമായ നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വഭ.വ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പുതുതായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ വിസ്തീർണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ഉടമയുടെ പേര്	തറ വിസ്തീർണം	ഉൾപ്പെടുത്തിയ ഉപയോഗക്രമം/ നികുതി നിരക്ക്	ഉൾപ്പെടുത്തേണ്ട ഉപയോഗക്രമം/നികുതി നിരക്ക്
2/331 A	നസ്റീന ബീഗം	313.20 M^2	പാർപ്പിടാവശ്യം 300ച.മീ - വരെയുള്ളവ/7	പാർപ്പിടാവശ്യം 300ച.മീ മുകളിലുള്ളവ /11
7/70A	മുനീർ	342.38 M^2		
16/539A	മുഹമ്മദ് അനീസ് കെ	313.47 M^2		

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/01.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ കെട്ടിടങ്ങളുടെയും സമാനമായി വസ്തുനികുതി വിസ്തീർണ്ണത്തിനനുസൃതമായി നികുതി നിർണയിച്ച് ഈടാക്കാത്ത മറ്റു കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടെയും നികുതി പുനർനിർണ്ണയിച്ച്, നികുതിയിനത്തിൽ സംഭവിച്ച കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി – കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശികയുടെ വിവരം പരിശോധിച്ചതിൽ പഞ്ചായത്തിന്റെ കീഴിലുള്ള മൊബൈൽ ടവറിന് കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം:	വാർഡ്/ഡോർ നം:	ഉടമസ്ഥന്റെ മേൽവിലാസം	നികുതി കുടിശ്ശിക
1	6/246	GTL Infrastructural Limited	2021 Ist Half -4,043
			2021 II Nd Half – 4,042
			2022 Ist Half -4,043
			2021 II Nd Half – 4,042
			2023 Ist Half -4,246
			2023 II Nd Half – 4,244
			2024 Ist Half -4,458
			2024 II Nd Half – 4,457
		TOTAL	33,575/-

വലിയ തുക കുടിശ്ശിക ഇനത്തിൽ അവശേഷിക്കാനിടയായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.07/01-12-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികകൾ നാളിതുവരെ ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുന്നതിന് കൈകൊണ്ട നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതും, കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ, താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വില കൂടിയ വസ്തുക്കൾകൊണ്ട് നിർമ്മിച്ചിട്ടുള്ളതും 250 ച.മീറ്ററിൽ അധിക വിസ്തീർണ്ണമുള്ളതുമായ തറയ്ക്ക് നികുതിയിൽ 15% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. പകരം – സാധാരണ തറ, മൊസൈക്ക്, തറയോട്,സിമന്റ്, റെഡ് ഓക്സൈഡ്- എന്ന തറനിർമ്മിതിക്കനുസൃതമായാണ് നികുതി കണക്കാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉടമയുടെ പേര്	കെട്ടിട നമ്പർ	തറ വിസ്തീർണം
1.	നംഷാദ് പി	14/495 L 1.	86.31 M^2
		14/495 M	86.31m^2
		14/495 N	87.31 M^2
		14/495 P	87.31 M^2
2.	മുഹമ്മദ് ബഷീർ	11/11A	42.43 M^2
		11/11E	58.5 M^2
		11/11I	44.02 M^2
		11/11J	204.36 M^2
		11/11O	66.94 M^2
		11/11S	66.74 M^2
3.	ബഷീർ ടി വി	16/589 F	30.57 M^2
		16/589 I	35.16 M^2
		16/589 V	97.83 M^2
		16/589 X	42.44 M^2

16/589 Y	68.51 M^2

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.07/01-12-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കേണ്ടതും, പഞ്ചായത്തിലെ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലും ഇത്തരത്തിലുള്ള അപാകത നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 വാർഷിക കണക്കിലെ തുകകളുടെ വിവരം ലഭ്യമല്ല

2024-25 വർഷത്തെ വാർഷികകണക്കിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന തുകകളുടെ വിവരം ലഭ്യമല്ല.

1. B-18ൽ ഉൾപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളായ 460100103, 460500201 എന്നിവയിലുൾപ്പെട്ട 326005, 99500എന്നീ തുകകൾ 31.3.21മുതൽ വാർഷികകണക്കിൽ നിലനിൽക്കുന്നവയാണ്. ഇതിൽ 3,26,005 രൂപ Temporary Advance For Official എന്നയിനത്തിൽ നൽകിയതാണ്. ഈ തുക എന്താവശ്യങ്ങൾക്ക്, ആർക്കൊക്കെ, ഏതു കാലയളവിൽ നൽകിയവയാണെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിക്ക് നൽകിയതായി കാണിച്ച 99,500 രൂപ ഏത് പ്രവൃത്തിക്ക് ഏതു കാലയളവിൽ നൽകിയതാണന്ന വിവരവും ലഭ്യമല്ല.

മറ്റൊരു ഹെഡായ 460500202 ൽ 31.3.21 ന് ഉൾപ്പെടുത്തിയ 1,63,391 രൂപ നിലവിലും അഡ്ജസ്റ്റ് ചെയ്യാതെ നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിവരവും ലഭ്യമല്ല.

2. B-4ലെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 320200305 കോഡിലെ നീക്കിയിരിപ്പായ 14,89,727 രൂപ 320300199 കോഡിലെ നീക്കിയിരിപ്പായ 24,15,695 രൂപ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. I-19ലെ ഹെഡ് ഓഫ് അക്കൗണ്ട് 19020040ൽ ഡെബിറ്റായി ഉൾപ്പെടുത്തിയ 40,202 രൂപയുടെ വിശദാംശം ലഭ്യമല്ല. Panchayath Distress Relief Fund എന്ന ഹെഡിലേക്കാണ് ഇത് ജേണൽ ചെയ്ത് മാറ്റിയിരിക്കുന്നത്. തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഹെഡ് ഓഫ് അക്കൗണ്ട് 19010010ൽ വസ്തുനികുതിയിനത്തിൽ 1,55,747, 15,896 എന്നീ തുകകൾ അഡ്വാൻസ് കളക്ഷൻ ഇനത്തിലേക്ക് ജേണൽ ചെയ്ത് മാറ്റിയിരിക്കുന്നു. ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-15 റിഡംപ്ഷൻ ആയി ഉൾപ്പെടുത്തിയ തുകയിൽ വ്യക്തതയില്ല

കേരള ഗ്രാമീൺ ബാങ്കിന്റെ തലക്കുളത്തൂർ ശാഖയിലുള്ള40224100107814നമ്പർ അക്കൗണ്ടിലുണ്ടായിരുന്ന 1,40,735രൂപ 2.8.2023ന് Unclaim Transaction എന്ന വിധത്തിൽ പിൻവലിച്ചിട്ടുണ്ട്. ഈ തുക മുൻവർഷത്തെ വാർഷികകണക്കിൽ റിഡംപ്ഷൻ ഇനത്തിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തി. 2024-25വർഷത്തിൽ ഈ തുക തിരികെ ലഭിക്കാത്തതിനാൽ 2024-25ബാലൻസ് ഷീറ്റിൽ വീണ്ടും കിട്ടാനുള്ള തുകയായി തുടരുന്നു. സാധാരണ റിഡംപ്ഷൻ ഇനത്തിൽ സർക്കാർ തുക പിൻവലിക്കാറുള്ളത് ട്രഷറി അക്കൗണ്ടുകളിൽ നിന്നും മാർച്ച് 31 തിയ്യതിയിലാണ്. എന്നാൽ 2.8.2023ന് Unclaim Transaction എന്ന വിധത്തിൽ പിൻവലിച്ച ഈ തുക സർക്കാർ പിൻവലിച്ചതാണെന്ന് എപ്രകാരമാണ് ഉറപ്പാക്കിയതെന്ന് വ്യക്തമല്ല. ഈ തുക സംബന്ധിച്ച് ബാങ്കിൽ അന്വേഷിച്ചിരുന്നോയെന്നും, ഈ തുക ഏത് അക്കൗണ്ടിലേക്കാണ് പോയതെന്നുമുള്ള വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/24-25, തിയ്യതി: 2.12.25) മറുപടി ലഭിച്ചില്ല. മേൽ തുക ഏതിനത്തിൽ നഷ്ടപ്പെട്ടതാണെന്ന വിവരം ഉറപ്പാക്കി, തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ
പദ്ധതി : 175/24-25
അടങ്കൽ : 50000 (വികസന ഫണ്ട്)
ചെലവ് : 49810
ബിൽ നമ്പർ : 208/09.05.24

മേൽ പ്രൊജക്ട് പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകന്നതിനുള്ള പദ്ധതി നടപ്പിലാക്കി. 28-05-22 ലെ 115/2022/തസ്വഭവ സർക്കാർ ഉത്തരവിലെ ഖണ്ഡിക 7-7-8 പ്രകാരം വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിനായി നിലവിലുള്ള പഞ്ചായത്തിലെ ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം, ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തണമെന്നും, പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിങ്ങ് ഡ്രസ്സ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പദ്ധതി എറ്റെടുക്കാമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫയൽ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽ നം. 911, New Cafe D Bakes & Cakes കാച്ചായി എന്ന സ്ഥാപനത്തിൽ നിന്നും 9/3/24 മുതൽ 23-3-24 വരെ നീന്തൽ പരിശീലനത്തിൽ പങ്കെടുത്ത 31 കുട്ടികൾക്ക് ചായ , ലഘുഭക്ഷണം, കോഴിമുട്ട എന്നിവ നൽകിയ വകയിൽ 13,950 രൂപ ചെലവഴിച്ചു. ഇത്തരത്തിൽ ലഘുഭക്ഷണം നൽകണമെന്ന് മേൽ വ്യക്തമാക്കിയ ഉത്തരവിലോ, പദ്ധതി മാർഗ്ഗരേഖയിലോ വ്യവസ്ഥ ചെയ്തിട്ടില്ല.
2. പവിത്രൻ ചെങ്ങോട്ടുമ്മൽ എത്തൽ, അന്നശ്ശേരി എന്നയാൾക്ക് 8/03/24 ൽ നീന്തൽ പരിശീലനത്തിന് വേണ്ടി കാട് വെട്ടി, കവുങ്ങ് മുറിച്ച്, കൈവരി കെട്ടി ഷെഡ് കെട്ടിയ വകയിൽ പണിക്കൂലി ഇനത്തിൽ 3,800 രൂപ നൽകിയിട്ടുണ്ട്. ഇത്തരം വർക്കുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/24-25 തിയ്യതി 1-12-25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ആയുർവേദ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ വാങ്ങൽ- ലിമിറ്റഡ് ടെണ്ടർ വിളിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,ആയുർവേദം
പദ്ധതി : 08/24-25
അടങ്കൽ : 100000 (മെയ്ന്റനൻസ് ഫണ്ട് , റോഡിതരം)
ചെലവ് : 99396
ബിൽ നമ്പർ : 388/12.11.24 Rs.28730
: 358/27-09-24 Rs. 70666

മേൽ പ്രൊജക്ട് പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിക്ക് പഞ്ചകർമ്മ ഉപകരണങ്ങൾ വാങ്ങാൻ ക്വട്ടേഷൻ ക്ഷണിക്കുകയും (ക്വട്ടേഷൻ നോട്ടീസ് നം 56/2024, തിയ്യതി. 16-08-24) എറ്റവും കുറവ് തുക കോട്ട് ചെയ്ത ആയുഷ്ജീവ ,മുണ്ടത്തിക്കോട്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും പതിനൊന്ന് ഇന പഞ്ചകർമ്മ ഉപകരണങ്ങൾ 70666 രൂപയ്ക്ക് വാങ്ങുകയും ചെയ്തിട്ടുണ്ട്. പഞ്ചകർമ്മക്കാവശ്യമായ അടുക്കള ഉപകരണങ്ങൾ വാങ്ങാൻ ക്വട്ടേഷൻ (നം. സി 56/2024 തിയ്യതി 30-10-24) ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ എറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത ഗാലക്സി എജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും അടുക്കള ഉപകരണങ്ങൾ 28,730 രൂപയ്ക്കും വാങ്ങുകയുണ്ടായി.

തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (08-11-2010 ലെ ജി.ഒ (പി)നം 259/2010/ത.സ്വ.ഭ.വ.) പ്രകാരം 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ

വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ വിളിച്ച് മാത്രമെ വാങ്ങൽ നടത്താവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വാങ്ങലുകൾക്ക് ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/24-25 തിയ്യതി 02/12/25) 08.12.2025-ൽ സമർപ്പിച്ച മറുപടിയിൽ ലിമിറ്റഡ് ടെൻഡർ വിളിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്നും കൃത്യമായി ബോധ്യമില്ലാത്തതിനാലാണ് ഈ തെറ്റ് പറ്റിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ജീവതാളം ഓപ്പൺ ജിമ്മിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,പി എച്ച് സി
പദ്ധതി : 309/24-25
അടങ്കൽ : 200000 (വികസന ഫണ്ട്)
ചെലവ് : 190378
ബിൽ നമ്പർ : 750/22.03.25

മേൽ പ്രൊജക്ട് പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ഓപ്പൺ ജിമ്മിലേക്ക് ആവശ്യമായ താഴെ പറയുന്ന ഉപകരണങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

1. Air Walker-1
2. Eleptical Trainer- Duwel-1
3. Eleptical Trainer-1
4. .Hand Puller-1
5. Side Swing Duwel-1
6. Twister Tripple-1

സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്ന ഫർണ്ണിച്ചർ, ഉപകരണങ്ങൾ എന്നിവയുടെ ലിസ്റ്റ്, വില എന്നിവ വ്യക്തമാക്കുന്ന സ്റ്റോർ പർച്ചേഴ്സ് വകുപ്പിന്റെ 17-07-2017 ലെ 33/2017/SPD നം. സർക്കാർ ഉത്തരവിൽ മേൽ ഉപകരണങ്ങൾ ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ ടെണ്ടർ നടപടികളിലൂടെ മാത്രമെ വാങ്ങാൻ പാടുള്ളൂ. മേൽ വ്യക്തമാക്കിയ ഉപകരണങ്ങൾ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുവാദം നൽകുന്ന പ്രാബല്യത്തിലുള്ള ഉത്തരവുകൾ എതെങ്കിലുമുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24-25 തിയ്യതി 2/12/25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 കുടിവെള്ളക്കരം- ബഹു കോടതി ഉത്തരവ് നടപ്പിലാക്കി ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കി ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ILGMS ലെഡ്ജർ ബുക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയതിന് 24-25 വർഷം 1,77,135 രൂപ പ്രതിമാസ നിരക്കിൽ അഞ്ച് മാസത്തേക്ക് (04/24 മുതൽ 08/24 വരെ) ആകെ 8,85,675 രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റ 23-24 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് 29/07/24, 31/08/24, 03/09/24 എന്നീ തിയ്യതികളിൽ വാട്ടർ അതോറിറ്റിയും, ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ഗ്രാമ പഞ്ചായത്തിൽ ആകെ സ്ഥാപിക്കപ്പെട്ട 148 പൊതുടാപ്പുകളിൽ ഉപയോഗശൂന്യവും ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉപയോഗമില്ലാത്തതും ഉൾപ്പെടെ 91 പൊതു ടാപ്പുകൾ ഒഴിവാക്കാവുന്നതാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം, തുടർന്ന് ബില്ലുകൾ ജനറേറ്റ് ചെയ്യുമ്പോൾ ഒഴിവാക്കാനായി കണ്ടെത്തിയ 91 ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കി ബാക്കിയുള്ളവയുടെ മാത്രം തുക ബില്ലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് 09/09/24 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോരിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. കൂടാതെ 22/08/24 ലെ

ഭരണ സമിതി തീരുമാന പ്രകാരം ഉപയോഗരഹിതമായ ടാപ്പുകളുടെ ബിൽ തുക അഡ്ജസ്റ്റ് ചെയ്ത് മേലിൽ ബിൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ റിമൂവൽ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിയുടെ 19/10/24 ലെ കത്ത് (EE/PHD/KKD/D1-13535/2024-Thalakkulathur-Public Tap) പ്രകാരം 2,26,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗശൂന്യമായ മുഴുവൻ ടാപ്പുകളും പരിശോധിക്കാതെ എറ്റവും ഉയർന്ന നിരക്കിലുള്ള റിമൂവൽ ചാർജ്ജ് എല്ലാ ടാപ്പുകൾക്കും ബാധകമാക്കിക്കൊണ്ടാണ് എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത് എന്നും, ആയത് പുനഃപരിശോധിച്ച് റിമൂവൽ ചാർജ്ജ് കുറവ് വരുത്തണമെന്നും, റിമൂവൽ ചാർജ്ജ് ഗ്രാമപഞ്ചായത്തിന് ബാധകമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി 06/01/25 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി. വെള്ളക്കരം ബിൽ തുകയിൽ കുറവ് വരുത്താതെയും നേരത്തേ ഗ്രാമപഞ്ചായത്തിന് അടക്കുവാൻ സാധിക്കാത്ത തുകയുടെ പിഴ തുക കൂടെ ചേർത്ത് 11,55,147 രൂപ കൂടി അടയ്ക്കുന്നതിന് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ബഹു ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനെ തുടർന്ന് കുടിശ്ശിക ഇനത്തിൽ അടവാക്കാനുള്ള തുകയുടെ മൂന്നിലൊന്ന് മൂന്ന് ആഴ്ചയ്ക്കുള്ളിൽ വാട്ടർ അതോറിറ്റിയിൽ അടച്ച് മൂന്ന് മാസങ്ങൾക്കകം ഒരു സംയുക്ത പരിശോധന കൂടി നടത്തി തീരുമാനം കൈകൊള്ളാൻ കോടതി 4-11-2025 ൽ WP(C)NO.40470 OF 2025 നം. കേസിൽ ഉത്തരവിട്ടിട്ടുണ്ട്. മേൽ വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1. റിമൂവൽ ചാർജ്ജ് പഞ്ചായത്തിന് ബാധകമാണോ എന്ന വിഷയത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും എത്രയും വേഗം വ്യക്തത വാങ്ങാൻ ഓർമ്മക്കുറിപ്പ് അയച്ച് റിമൂവൽ നടപടികൾ പൂർത്തിയാക്കി ടാപ്പുകളുടെ ചാർജ്ജ് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ബഹു.കോടതി ഉത്തരവിനെ തുടർന്ന് കുടിശ്ശികയുടെ മൂന്നിലൊന്ന് അടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

3. കോടതി ഉത്തരവിനെ തുടർന്നുള്ള സംയുക്ത പരിശോധന നടത്താനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ വസ്തുതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24-25, തിയ്യതി 2-12-25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ ചാർജ്ജ് ഇനത്തിൽ എട്ട് ലക്ഷത്തിൽപരം രൂപ അഞ്ച് മാസത്തേക്ക് മാത്രമായി തൻവർഷം അടച്ചു. വലിയ തുക ഈ ഇനത്തിൽ അടയ്ക്കേണ്ടി വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. അധിക ചെലവ് ഒഴിവാക്കാൻ അടിയന്തര നടപടികൾ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സ്വീകരിക്കുകയും. മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-20 വിവിധ എജൻസികൾക്ക് തുക നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത എജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	പദ്ധതി പേര്. /നം.	ചെലവ് തുക/ ഫണ്ടിനം	ബിൽ സാങ്ങ്ഷൻ നം.	റിമാർക്സ്
1	350, വൃത്തി 2025, ദി ക്ലീൻ കേരള കോൺക്ലേവ്	25,000 വികസന ഫണ്ട്	754/ 22-03-25	
2	113, സ്നേഹ സ്പർശം	4,00,000 വികസന ഫണ്ട്	482/ 09-01-25	

3	2,ഐ കെ എം വിഹിതം അടവാക്കൽ	1,03,930 വികസന ഫണ്ട്	483/ 09-01-25	
4	154, സമ്പൂർണ്ണ കാൻസർ കെയർ	50,000 വികസന ഫണ്ട്	680/ 15-03-25	
5	160, എ ബി സി പദ്ധതിക്ക് തുക കൈമാറൽ	1,00,000 വികസന ഫണ്ട്	688/15-03-25	
	ആകെ	6,78,930		

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (8/24-25 തിയ്യതി 1-12-25) ഇതുവരെ മറുപടി നൽകിയിട്ടില്ല. മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 6,78,930 രൂപ തടസ്സത്തിൽ വെക്കുന്നു.

1-21 സ്ഥലം ലഭ്യമായിട്ടും അങ്കണവാടിയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിൽ 28 അങ്കണവാടികൾ ആണ് ഉള്ളത്. രണ്ടെണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക നൽകുന്ന ബാധ്യത മാത്രമല്ല വളരെ മോശം സൗകര്യത്തിൽ പീടിക മുറികളിലും മറ്റുമാണ് ഈ അങ്കണവാടികൾ പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ

1.സെന്റർ നമ്പർ -4 പാലോറ.

പഴയ കെട്ടിടം അൺഫിറ്റ് ആയതിനാൽ പൊളിച്ചു. പുതിയ കെട്ടിടത്തിന് സ്ഥലം ലഭ്യമായിട്ടും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും കെട്ടിടം നിർമ്മിച്ചിട്ടില്ല. തീരെ സൗകര്യങ്ങളില്ലാത്ത പീടിക മുറിയിൽ വളരെ പ്രയാസപ്പെട്ടാണ് അങ്കണവാടി പ്രവർത്തിക്കുന്നത്.

2. സെന്റർ നമ്പർ 16- പടന്നക്കുളം

സ്ഥലം ലഭ്യമായിട്ടും റജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് - (10/24-25 തിയ്യതി- 01-12-25) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 കുടുംബശ്രീ പ്രവർത്തനങ്ങളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കുടുബശ്രീ സംവിധാനത്തിലെ ക്യാഷ് ബുക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആശ്രയ പദ്ധതിയിൽ നിലവിൽ 110 ഗുണഭോക്താക്കളാണ് ഉള്ളത് . ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്യുക മാത്രമാണ് നിലവിൽ ചെയ്യുന്നത്. എന്നാൽ 2025 ഫെബ്രുവരിയ്ക്ക് ശേഷം ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തിട്ടില്ല. ചലഞ്ച് ഫണ്ട് മൂന്നാം ഗഡു ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) 2017 വർഷത്തിൽ നിലവിൽ വന്ന ആശ്രയ പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. ഉണ്ണിനായർ കോല്ലോത്ത് കണ്ടി (വാർഡ്-3) എന്ന ഭവന രഹിതനായിരുന്ന ഗുണഭോക്താവിന് നാളിതുവരെയും വീട് വെച്ച് നൽകിയിട്ടില്ല.

3) കുടുംബശ്രീയിൽ 9 അക്കൗണ്ടുകളിലായി 39,65,028രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ

വിനിയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള തുകകൾ ജില്ലാ മിഷനിലേക്ക് അടയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

4) പ്രവാസി ഭദ്രത വായ്പ അക്കൗണ്ടിൽ ലോൺ കുടിശ്ശിക ഈടാക്കുന്നതിനും ജില്ലാമിഷനിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനും തുക അവശേഷിക്കുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് -(11/24-25 *തിയ്യതി- 01-12-25) മറുപടി ലഭ്യമാക്കിയിട്ടില്ല അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.*

1-23 ഹരിത മിത്രം പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി	ചെലവ് തുക	അപാകതകൾ
244/24-25 സ്മാർട്ട് ഗാർബേജ് ഹരിത മിത്രം ആപ്പ്	201208 (354/25.9.24,331/11.9.24 ,258/22.7.24,267/22.7.24)	1) പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 രൂപ ചെലവഴിച്ച് ഹരിത മിത്രം ആപ്പ് പ്രവർത്തിപ്പിക്കുന്നതിനായി കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. ഈ കമ്പ്യൂട്ടർ നാളിതു വരെ പദ്ധതിയ്ക്കായി ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. 2) 9000 ക്യു.ആർ കോഡുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 8,754 എണ്ണം മാത്രമാണ് പതിപ്പിട്ടിട്ടുള്ളത്.
129/24-25 അതി ദരിദ്ര ആശ്രയ വിഭാഗങ്ങൾക്ക് യൂസർ ഫീ നൽകൽ	7100 (403/29.11.24, 728/20.3.25)	ഗുണഭോക്താക്കൾ ഹാജരാക്കുന്ന യൂസർ ഫീ അടവാക്കാനുള്ള സ്ലിപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഹരിത കർമ്മ സേനയ്ക്ക് തുക അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 7100 രൂപ അനുവദിക്കുമ്പോൾ 142 സ്ലിപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ 123 സ്ലിപ്പുകൾ മാത്രമാണ് ഫയലിൽ ഉള്ളത് 950 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് - (12/24-25 തിയ്യതി- 01-12-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ 50,950 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-24 അങ്കണവാടി കലോൽസവം നടത്തിപ്പ്- രശീതി പിരിവ്- വിശദാംശം ലഭ്യമല്ല.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി കലോൽസവം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ മൊമെന്റോ ബാനർ ഫോട്ടോ എന്നിവയ്ക്കായി 97/25 നമ്പർ പദ്ധതിയിൽ 14,990 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 500/15/1/25) .സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണ മോണിറ്ററിങ്ങ് ചെലവ് എന്ന് പദ്ധതിയിൽ ബിൽ നമ്പർ 778/28.1.25 പ്രകാരം അങ്കണവാടി കലോൽസവം നടത്തുന്നതിന് ധന സമാഹരണം നടത്തുന്നതിനായി 28 രശീതി ബുക്കുകൾ പ്രിന്റ് ചെയ്ത വകയിൽ യൂത്ത് പ്രിന്റ് എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഈ ബുക്കുകൾ ഉപയോഗിച്ച് പണ പിരിവ് നടത്തിയതിന്റെയും പണം ചെലവഴിച്ചതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇതിനായി ഭരണസമിതി അനുവാദം നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതിൽ ഭാഗികമായി ഉപയോഗിച്ച 5 ബുക്കുകളും തീരെ ഉപയോഗിക്കാതെ ഒരു ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു, ഇവയുൾപ്പെടെ 27 ബുക്കുകൾ ഉപയോഗിച്ച് പണപിരിവ് നടത്തിയതിന്റെയും തുക കലോൽസവത്തിന് വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് - (13/24-25 തിയ്യതി- 01-12-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 കർഷകർക്ക് പാലിന് ഇൻസെന്റീവ് -സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറിഫാം ഇൻസ്ട്രക്ടർ

പദ്ധതി - 38/24-25

ചെലവ് - 511303(വികസന ഫണ്ട്)

ബിൽ നമ്പർ -489/10.1.25

പദ്ധതിയിൽ ഗുണഭോക്താക്കൾ സൊസൈറ്റിയിൽ അളക്കുന്ന പാലിന്റെ അളവനുസരിച്ച് സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തത്. ശ്രീ. മോഹൻ ദാസ് .വി.കെ (വാർഡ്-4) എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള 2,409 രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. യു.ടി.ആർ സ്റ്റേറ്റ്മെന്റിൽ ട്രാൻസ്ഫർ വിവരം NULL എന്നാണ് കാണിച്ചിട്ടുള്ളത്. പഞ്ചായത്തിലെ വാർഷികകണക്ക് പ്രകാരവും ഈ തുക ചെലവായതായാണ് കാണിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയപ്പോൾ തുക ക്രെഡിറ്റാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. തുക നൽകിയ ശേഷം ഗുണഭോക്താക്കൾക്ക് ആയത് യഥാസമയം ലഭിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി-15/24-25 തിയ്യതി-01-12-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 വിപുലമായ സൗകര്യങ്ങളോട് കൂടിയ എം.സി.എഫ് ഉണ്ടായിട്ടും തിരസ്കൃത മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് വൻ തുക ചെലവഴിക്കുന്നു.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തിരസ്കൃത മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് 24,48,821 രൂപ ചെലവഴിച്ച് രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നാച്ചുറൽ ഗാർഡ് എന്ന സ്ഥാപനം വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.